സഹകരണ സംഘങ്ങളിലെ നോമിനേഷൻ

875 [255] ശ്രീ. കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ:
,, കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥൻമാരല്ലാത്തവരെ നോമിനേറ്റ് ചെയ്യുന്ന നടപടി നിലവിലുണ്ടോ;

(ബി) തിരഞ്ഞെടുത്ത് വരുന്നവരെ കൂടാതെ ഡിപ്പാർട്ടുമെൻറിനു വെളിയിലുള്ളവരെ തുടർന്നും നോമിനേറ്റ് ചെയ്യുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം അങ്ങനെ എത്രപേരെ നോമിനേറ്റ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) എറണാകുളം, കാസർകോട് എന്നീ ജില്ലകളൊഴികെ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരല്ലാത്ത 3197 പേരെ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേക്ക് നോമിനേറ്റ് ചെയ്തിട്ടുണ്ട്. മേൽപ്പടി രണ്ട് ജില്ലകളുടെ വിവരം ദശ്ഖരിച്ചുവരുന്നു.

ലോക മലയാള സമ്മേളനം

876 [256] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) 1986 സെപ്റ്റംബർ മാസത്തിൽ പശ്ചിമ ജർമ്മനിയിൽ ലോകമലയാള സമ്മേളനം നടത്തുന്നുണ്ടോ;

(ബി) ഈ സമ്മേളനത്തിൻെറ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(സി) ഈ സമ്മേളനത്തിൽ കേരളത്തിൽനിന്ന് ആരെല്ലാം പങ്കെടുക്കുന്നുണ്ട്;

(ഡി) സമ്മേളനത്തോടനുബന്ധിച്ച് ഗുണ്ടർട്ടിൻേറയും അർണ്ണോസു പാതിരിയുടേയും പ്രതിമകളും തിരുവനന്തപുരത്തു സ്ഥാപിക്കാൻ നടപടികളും സ്വീകരിക്കുമോ;

(ഇ) അർണ്ണോസു പാതിരിയുടെ ജീവചരിത്രം പാഠപുസ്തകമാക്കാൻ ഗവൺമെൻറ് നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) 1986 സെപ്റ്റംബർ-ഒക്ടോബറിൽ പശ്ചിമ ജർമ്മനിയിൽ വച്ച് ലോക മലയാള സമ്മേളനം നടത്താൻ ഉദ്ദേശിക്കുന്നതായി പശ്ചിമ ജർമ്മനിയിലെ മലയാള അസോസിയേഷനുകളുടെ സെൻട്രൽ കമ്മിറ്റി സർക്കാറിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly